നം.ഇ.എസ്2/7194/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 09/02/2021

## സർക്കുലർ

വിഷയം :- ആ.വ.ഡ – 2021 വർഷത്തിൽ ആരോഗ്യ വകുപ്പിൽ **സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ/അക്കൗണ്ട്സ് ഓഫീസർ** ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ഡി. പി. സി യോഗം ചേരുന്നത് – സംബന്ധിച്ച്.

സൂചന:- 1. ഇ. ഡി സെക്ഷനിൽ നിന്നുള്ള വേക്കൻസി റിപ്പോർട്ട്
2. ഉത്തരവ് നം. ഇ. എസ്2-576/2021/ആ.വ.ഡ, തീയതി. 08.02.2021 പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി പട്ടിക

2021 വർഷത്തിൽ ആരോഗ്യ വകുപ്പിൽ **സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ/അക്കൗണ്ട്സ് ഓഫീസർ** പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സൂചന 2 പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഓഫീസർമാരും (റാങ്ക് നമ്പർ **1** മുതൽ **83** വരെ) 2018, 2019, 2020 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇനിയും സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും സഹിതം **2021 ഫെബ്രുവരി 20** നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകൾവശത്തായി അവരവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്ര പ്രസക്തമായും, കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേയ്ക്കാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുള്ളവരുടെ 1 മുതൽ 83 റാങ്ക് നമ്പർ വരെയുള്ള ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റ് അനുബന്ധ രേഖകളും കർശനമായും വാങ്ങി പരിശോധിക്കേണ്ടതും ആയത് സമയപരിധിക്കുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ ഏതെങ്കിലും ഓഫീസർമാരെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിക്ഷിപ്തമായിരിക്കും. ഇത് വളരെ ഗൗരവമായി കാണണമെന്ന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ, ഡി. എച്ച്. എസ് ഓഫീസ്